**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5424** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ സീസൺ ടിക്കറ്റും ട്രാവൽ കാർഡും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയ സീസൺ ടിക്കറ്റ്, ട്രാവൽ കാർഡ് എന്നിവ പരാജയമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ട്രാവൽ കാർഡ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം നടപ്പിലാക്കുകയും 83394 കാർഡുകൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. യാത്രക്കാരിൽ നിന്നും വളരെ സ്വീകാര്യമായ ഒരു സമീപനമാണ് ലഭിച്ചത്. |
| (ബി) | സീസൺ ടിക്കറ്റ്, ട്രാവൽ കാർഡ് എന്നീ സംവിധാനങ്ങൾ പരാജയപ്പെടുവാനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) | ട്രാവൽ കാർഡ് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം നടപ്പിലാക്കുകയും 83394 കാർഡുകൾ വിതരണം ചെയ്തിട്ടുള്ളതുമാണ്. യാത്രക്കാരിൽ നിന്നും വളരെ സ്വീകാര്യമായ ഒരു സമീപനമാണ് ലഭിച്ചത്. |
| (സി) | യാത്രക്കാർക്ക് കൂടി ഉപയോഗപ്രദമായ രീതിയിൽ പുതിയ എന്തെല്ലാം പദ്ധതികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | 1. <u>സ്മാർട്ട് ട്രാവൽ കാർഡ്</u><br><br>ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.<br><br>ഇത് വഴി മുൻകൂറായി പണം റീ ചാർജ് ചെയ്ത് യാത്ര ചെയ്യാനാകും.<br><br>2. <u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ</u><br><br>കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാൻ സാധിക്കും. ബസ്സുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം Live Passenger Indicator, Mobile Ticket Solution യാത്ര പാസുകൾ, UPI Payment, Card Payment, |

| | | | | |
|---|---|---|---|---|
| | | | | Net Banking Payment, Wallet Payment, Chalo App. തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ NCMC കാർഡ് / ക്ലോസ്ഡ് ലൂപ്പ് കാർഡ് തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റ് സൊല്യൂഷനിൽ ലഭ്യമാണ്. ഇത് കൂടാതെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസ്സുകളുടെ തത്സമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു അപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ